Subhash S (Ex-Air Force)
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021
Ph.8075303289
Email: art@art-artist.in

Sri. Pinarayi Vijayan
Hon. Minister for Envirinment
Kerala

1.10.2024

Sir,

Sub: Inaction and dereliction of Environment Department officials regarding.

Ref:
1. Environment Protection Act. 1986, Sec. 15 >> www.ail.art-artist.in >> Link-4 a
2. Noise Pollution >>Regulation and Control) Rules, 2000, Sec. 5, 6 >> www.ail.art-artist.in Link-4 b
3. Kerala High Court Order W.A.No.235/1993 to implement NPR 2000 strictly without any Religious Discrimination >> www.ail.art-artist.in >> Link-12
4. Silence Zone Gazette Notification G.O (P) No. 64/2002 >> www.ail.art-artist.in Link-8
5. Letter No.A3/19/2020/Envt dtd.12.2.2020 >> www.ail.art-artist.in >> Link-31
6. No.A3/10/2021/Envt dtd.12.1.2021
7. No.A3/241/2019/Envt
8. Report No.ENVT-A3/274/2024-ENVT dtd.23.8.2024
9. AP No.378(3)/2021/SIC, File No.4255/SIC-Gen1/2021 dtd.25.9.2024

1. 1.9.2024 ന് Ref-8 ഉം 31.8.2024 ന് Ref-8 ഉം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ പരാതി സമർപ്പിക്കുന്നത്.

2. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതായ നടപടികൾ ശരിയായ രീതിയിൽ യഥാ സമയം നിർവ്വഹിക്കാതെ തന്ത്രങ്ങൾ മെനഞ്ഞ് സ്വയം രക്ഷപെടുന്നതിനാൽ പൊതുജനങ്ങൾക്ക് അനാവശ്യമായി ശബ്ദമലിനീകരണ ക്രിമിനലുകളിൽ നിന്ന് അനുഭവിക്കേണ്ടി വരുന്ന ആരോഗ്യപ്രശ്നങ്ങൾ കാരണമാണ് ഈ പരാതി സമർപ്പിക്കേണ്ടിവന്നിട്ടുള്ളത്.

3. 23.12.2019 തീയതിയായി ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച പരാതി (E.Petition No.8037/2019), മേൽനടപടിയെടുക്കുന്നതിനായി Environment Department ലേയ്ക്ക് അയച്ചുതന്നിട്ടുള്ളതും 28.1.2020 ന് ആയത് ലഭിച്ചിട്ടുള്ളതായും A3/19/2020-Envt dtd.1.2.2020 ൽ File ആക്കിയതായും 12.2.2020 തീയതിയായി എനിക്ക് മറുപടി (Ref-5 എന്ന കബളിപ്പിക്കുന്ന കത്ത്) ലഭ്യമാക്കിയിട്ടുള്ളതായും പറയുന്നുണ്ട്. കൂടാതെ **"വിഷയം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു."** എന്നും Ref-6, Sl.No.2 ൽ പറയുന്നു.

4. 22.10.2020 തീയതിയായി ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച പരാതി (E.Petition No.16321/2020), മേൽനടപടിയെടുക്കുന്നതിനായി Environment Department ലേയ്ക്ക് അയച്ചുതന്നിട്ടുള്ളതും, **"ടി പരാതി A3/241/2019-Envt ഫൈലിൽ ഉൾക്കൊള്ളിച്ച് നടപടി കൈക്കൊണ്ടുവരുന്നു."** എന്നും Ref-6, Sl.No.5 ൽ പറയുന്നു.

5. എന്നാൽ, 12.1.2021 തീയതിയായി ലഭ്യമാക്കിയിട്ടുള്ള Ref-6, Sl.No.2 ൽ പറയുന്ന **"വിഷയം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു."**എന്നതും, Ref-6, Sl.No.5 ൽ പറയുന്ന **"ടി പരാതി A3/241/2019-Envt ഫൈലിൽ ഉൾക്കൊള്ളിച്ച് നടപടി കൈക്കൊണ്ടുവരുന്നു."** എന്നതും 3 വർഷത്തോളമായിട്ടും യാതൊരു നടപടിയും സ്വീകരിക്കാതെ പൂഴ്ത്തിവച്ച് അതേ സ്ഥിതി തന്നെ തുടരുകയാണ്.

6. ആയതിനാൽ, ഇത്രയും വർഷമായിട്ടും യാതൊരു നടപടിയും സ്വീകരിക്കാതെ File കൾ പൂഴ്ത്തിവച്ച് അനാസ്ഥയും കൃത്യവിലോപവും കാട്ടിയ മുഴുവൻ ഉദ്യോഗസ്ഥർക്കെതിരെയും അടിയന്തിരമായി മാതൃകാപരമായ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും, പറഞ്ഞിരുന്ന നടപടികൾ ശരിയായ രീതിയിൽ നടത്തി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യണമെന്നും, മുതിർന്ന പൗരനായ എന്നെ വിവരം അറിയിക്കണമെന്നും അപേക്ഷിക്കുന്നു.

Yours truly,

(Subhash S)

**വിവരാവകാശ നിയമം 2005**
**അടിയന്തിരം**

**കേരള സർക്കാർ**
**പരിസ്ഥിതി (എ) വകുപ്പ്**

നമ്പർ. എ3/10/2021/പരി

തിരുവനന്തപുരം
തീയതി : 12.01.2021

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി. Ph. No. 0471 2517245

സ്വീകർത്താവ്

ശ്രീ.സുഭാഷ് എസ്.
ഗാലറി, പൗണ്ട് കടവ്,
വലിയവേളി പി.ഒ,
തിരുവനന്തപുരം - 695021.

സർ,

വിഷയം : പരിസ്ഥിതി വകുപ്പ്- വിവരാവകാശ നിയമം 2005 പ്രകാരം ലഭ്യമായ അപേക്ഷ – മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന താങ്കളുടെ 04-12-2020 തീയതിയിലെ അപേക്ഷ 17-12-2020 തീയതിയിയിൽ ഈ വകുപ്പിൽ ലഭ്യമായത്.

......

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. താങ്കൾ സമർപ്പിച്ച സൂചനയിലെ അപേക്ഷയിന്മേലുള്ള ഇടക്കാല മറുപടി ചുവടെ ചേർക്കുന്നു:

1. ബഹു.മുഖ്യമന്ത്രിയുടെ ഓഫീസിൽ അന്വേഷിച്ചതിൽ പ്രസ്തുത പരാതി DGP -യുടെ ഓഫീസിലേക്ക് അയച്ചിട്ടുണ്ടെന്ന് അറിയുവാൻ സാധിച്ചു. ആയതിനാൽ ഇനം 1 -ന്മേലുള്ള മറുപടി താങ്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് DGP ഓഫീസിലെ SPIO -യ്ക്ക് നൽകിയിട്ടുണ്ട്.
2. പ്രസ്തുത പരാതി 28-01-2020 തീയതിയിൽ ഈ വകുപ്പിൽ ലഭ്യമായിട്ടുള്ളതും 01-02-2020 തീയതിയിൽ A3/19/2020-Envt നമ്പർ ഫയലാക്കുകയും ആയതിനു 12-02-2020 തീയതിയിൽ താങ്കൾക്ക് മറുപടി നൽകിയിട്ടുള്ളതുമാണ്. വിഷയം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.
3. ശബ്ദ മലിനീകരണം സംബന്ധിച്ച എ3/241/2019-പരി നമ്പർ ഫയൽ മുഖാന്തിരം നടപടി സ്വീകരിച്ച് വരുന്നു. ഉത്തരവുകൾ ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല.

4. ബഹു.മുഖ്യമന്ത്രിയുടെ ഓഫീസിലേക്ക് റിപ്പോർട്ടുകളൊന്നും തയ്യാറാക്കി അയച്ചിട്ടില്ല.

5. ടി പരാതി എ3/241/2019-പരി നമ്പർ ഫയലിൽ ഉൾക്കൊളളിച്ച് നടപടി

കൈക്കൊണ്ടുവരുന്നു.

ഈ മറുപടിയിൽ താങ്കൾക്ക് പരാതിയുള്ള ഉള്ള പക്ഷം ചുവടെ ചേർത്തിരിക്കുന്ന അപ്പീൽ അധികാരിയ്ക്ക് ഒരു മാസത്തിനകം അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ഈ വകുപ്പിലെ അപ്പീൽ അധികാരി :

അപ്പീൽ അധികാരി & ജോയിന്റ് സെക്രട്ടറി,
പരിസ്ഥിതി വകുപ്പ്, സൗത്ത് സാന്റവിച്ച് ബ്ളോക്ക്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 695 001.
Ph- 0471 2518030.

വിശ്വസ്തതയോടെ,

**സന്തോഷ്.ആർ**
സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
& അണ്ടർ സെക്രട്ടറി

**സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം**
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471 2561613, 2561614, 2561615, Fax: 0471 2330920
Email:- sic.ker@nic.in

**AP No. 378(3)/2021/SIC**

No. 4255/SIC-Gen1/2021

Date: 25/09/2024

ശ്രീ. സുഭാഷ്. എസ്
ഗാലറി, പൗണ്ടുകടവ്,
വലിയവേളി പി.ഒ,
തിരുവനന്തപുരം - 695 021.

സർ,

വിഷയം : വിവരാവകാശ നിയമം 2005 - ശ്രീ. സുഭാഷ്. എസ് സമർപ്പിച്ച അപ്പീൽ ഹർജി തുടർനടപടി - സംബന്ധിച്ച്.

സൂചന :
1. താങ്കൾ 26/03/2024 തീയതി കമ്മീഷനിൽ സമർപ്പിച്ച അപ്പീൽ ഹർജി.
2. ഈ ഓഫീസിലെ 13/08/2024 തീയതിയിലെ ഇതേ നമ്പർ കത്ത്.
3. പരിസ്ഥിതി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ 23/08/2024 തീയതിയിലെ ENVT-A3/274/2024-ENVT നമ്പർ റിപ്പോർട്ട്.

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (2) പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് സൂചന (3) പ്രകാരം പരിസ്ഥിതി വകുപ്പ് അഡീഷണൽ സെക്രട്ടറി കമ്മീഷനിൽ സമർപ്പിച്ചതിനാൽ ആയത് അംഗീകരിച്ച് ഈ ഹർജിയിൻമേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചതായുള്ള കമ്മീഷൻ തീരുമാനം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**സിമി ജോസ്**
ജോയിന്റ് സെക്രട്ടറി

പകർപ്പ് : അഡീഷണൽ സെക്രട്ടറി, പരിസ്ഥിതി (എ) വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. (അറിവിലേക്കായി)